**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3209** **07-10-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ 18 വയസ്സിൽ താഴെയുള്ളവർക്ക് മാത്രമായി സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കാസർഗോഡ് ജില്ല സ്പോർട്സ് അക്കാഡമിയിലും, കോളിയടുക്കം ജില്ലാ സ്പോർട്സ് അക്കാഡമിയിലും സ്കൂൾ, പ്ലസ് വൺ ക്ലാസ്സുകളിലെ കുട്ടികൾക്ക് വോളിബോൾ, കബഡി, ഫുട്ബോൾ കായിക ഇനങ്ങളിൽ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. അടിസ്ഥാന സൗകര്യവും, പരിശീലകരുടെ ലഭ്യതയും ഉറപ്പാക്കുന്നമുറയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖാന്തരം കൂടുതൽ ഹോസ്റ്റൽ ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (ബി) | കാസർഗോഡ് ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലിലെ അന്തേവാസികളുടെ എണ്ണം വ്യക്തമാക്കുമോ? | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന ജില്ലാ സ്പോർട്സ് അക്കാഡമികളിലും, കോളേജ് സ്പോർട്സ് അക്കാഡമികളിലുമായി ആകെ 54 കുട്ടികൾ താമസിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ